# ചുവട്...

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

ജി.എൽ.പി.എസ്. ചന്ദ്രഗിരി

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ: എൽ.പി. ചന്ദ്രഗിരി |
| വിലാസം | : | കളനാട് തപാൽ |
| | : | മേൽപറമ്പ് |
| | : | കാസറഗോഡ് - 671 317 |
| ഫോൺ നമ്പർ | : | 0994 235123 |
| ഇ മെയിൽ ID | : | glpschandragiri51@gmail.com |
| സ്കൂൾ കോഡ് | : | 11404 |
| യു ഡൈസ് കോഡ് | : | 32010300518 |
| വിദ്യാഭ്യാസ ജില്ല | : | കാസറഗോഡ് |
| ഉപ ജില്ല | : | കാസറഗോഡ് |
| ബി. ആർ. സി | : | കാസറഗോഡ് |
| CRC / പഞ്ചായത്ത് | : | ചെമ്മനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | കാസറഗോഡ് |
| നിയമസഭ മണ്ഡലം | : | ഉദുമ |
| ലോകസഭ മണ്ഡലം | : | കാസറഗോഡ് |
| വില്ലേജ് | : | കളനാട് |
| താലൂക്ക് | : | കാസറഗോഡ്. |

# ആമുഖം

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ മേൽപറമ്പിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന പൊതുവിദ്യാലയമാണ് ഗവ: എൽ.പി സ്കൂൾ ചന്ദ്രഗിരി. 1950ൽ സ്ഥാപിതമായതെന്ന് കരുതുന്ന ഈ പൊതുവിദ്യാലയം കന്നട മീഡിയം എൽ. പി. സ്കൂളായിട്ടായിരുന്നു തുടക്കം. 1960 ൽ യു.പി. സ്കൂളായും പിന്നീട് ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഒരു ഘട്ടത്തിൽ ഹൈസ്കൂളിൽ നിന്ന് എൽ. പി. വിഭാഗം വേർതിരിക്കപ്പെട്ടു. തുടർന്ന് മദ്രസ വക മേൽപറമ്പിലെ വാടക കെട്ടിടത്തിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം.

ഡി.പി.ഇ.പി. വന്നതിന് ശേഷം സ്കൂളിന് നാല് മുറികളുള്ള ഒരു കെട്ടിടം ലഭിക്കുകയുണ്ടായി. ഇതിനുള്ള സ്ഥലം സർക്കാർ പുറമ്പോക്കിൽ നിന്നും കണ്ടെത്തുകയായിരുന്നു. S.S.A, ബ്ലോക്ക് പഞ്ചായത്ത്, എം.പി. ഫണ്ട്, ഗ്രാമപഞ്ചായത്ത് എന്നിവിടുന്ന് കൂടി കിട്ടിയ ഫണ്ടുകൾ ഉപയോഗിച്ച് മറ്റ് സൗകര്യങ്ങൾ കൂടി ഒരുക്കുകയുണ്ടായി.

കന്നഡ, മലയാളം മീഡിയങ്ങളിലായി ആദ്യ കാലങ്ങളിൽ പരിസരത്തെ ഭൂരിഭാഗം കുട്ടികളും ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരുന്നത്. പല പ്രമുഖരും

ഈ വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കി ഉന്നത നിലയിൽ എത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറിയായി തുടങ്ങിയ ഈ വിദ്യാലയം ഇപ്പോൾ ഹയർസെക്കണ്ടറി-ത്തിലെ കുട്ടികളുടെ [illegible] [illegible] കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും ഇപ്പോഴും ഗ്രാമപഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറിയും എൽ.പി. സ്കൂൾ എന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്.

നമ്മുടെ സ്കൂളിലെ ഫീഡിംഗ് ഏരിയയിൽ തന്നെ നിരവധി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മികച്ച ഭൗതിക സംവിധാനങ്ങൾ ഒരുക്കിയും ഇത്തരം സ്കൂളുകൾ കുട്ടികളെ ആകർഷിക്കാൻ ശ്രമിക്കുമ്പോൾ അക്കാദമിക രംഗത്ത് നാം പുലർത്തുന്ന മികവ് കാരണം കുട്ടികളുടെ കുറവ് നമ്മെ ബാധിച്ചിട്ടില്ല. അൺ എയ്ഡഡ് മേഖലയിൽ നിന്നും കൂടുതൽ കുട്ടികൾ നമ്മുടെ വിദ്യാലയത്തിലേക്ക് കടന്നുവരുന്നുണ്ട്. ദരിദ്ര പിന്നോക്ക ജനവിഭാഗങ്ങളുടെ മികച്ച പഠനത്തിനുതകുന്ന ഒരു സ്വന്തം സ്ഥാപനമായി കരുതുന്ന ജനങ്ങൾ ഈ സ്ഥാപനത്തെ കാണുന്നു.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും ശേഷികളും, മനോഭാവവും, മൂല്യങ്ങളും, വികസിപ്പിക്കുന്നതിനും, അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. അറിവിനെ സ്കൂളിന്റെ പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തരമൂല്യനിർണ്ണയത്തിന്റെയും, വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും, പ്രക്രിയാബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്മുറികളിൽ നടക്കേണ്ടത് എന്ന വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് ലക്ഷ്യങ്ങൾ നിർണ്ണയിച്ചത്.

- ഒന്നു മുതൽ നാല് വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, ധാരണകളും, നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടി എന്ന് ഉറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും, സർഗ്ഗപരമായ കഴിവുകൾ വളർത്തുന്നതിനും അവസരം ഒരുക്കുക.
- അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ സാങ്കേതികോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ ശ്രമിക്കും.
- പഠനവിടവുകൾ, പഠനപിന്നോക്കാവസ്ഥ കണ്ടെത്തി പരിഹരിക്കുക.
- ഉന്നത നിലവാരം ഉള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപകശാക്തീകരണ പരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കുക.
- ഗവേഷണം ഉറപ്പാക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും, അക്കാദമിക വർക്ക്ഷോപ്പുകളും ഉറപ്പാക്കുക.
- കലാ-കായിക-പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സംവിധാനം ഒരുക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ പ്രത്യേക പഠന പിന്തുണ ഉറപ്പാക്കുക.
- പഠനം രസകരവും, സർഗ്ഗാത്മകവും, ആനന്ദദായകമാക്കുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സംവിധാനങ്ങൾ വികസിപ്പിക്കുക.
- സ്കൂൾ ലൈബ്രറി, ലാബ് എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കാൻ ശ്രമിക്കും.
- മാലിന്യസംസ്കരണം, കാർഷിക സംസ്കാരം എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കും.

- പ്ലാസ്റ്റിക് - ലഹരി വിമുക്ത വിദ്യാലയം സൃഷ്ടിക്കും.
- പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- ഭിന്നശേഷി കുട്ടികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി ഭിന്ന സൗഹൃദവിദ്യാലയ അന്തരീക്ഷം ഒരുക്കും.
- സ്കൂൾ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും.
- സ്കൂൾ സ്റ്റേക്ക് ഹോൾഡേഴ്സിനെ ഫലപ്രദമായി അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകും വിധം പ്രയോജനപ്പെടുത്തും.

# അവസ്ഥാ വിശകലനം

## അക്കാദമികം

പഠിതാക്കളുടെ ശേഷി നിലവാരവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട മേഖലയാണ് പഠന - ബോധന തന്ത്രങ്ങളുടെ നിർവ്വഹണം. അധ്യാപകരുടെ വിഷയ പരിജ്ഞാനം, കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠനനില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു.

- കുട്ടിയെ അറിയലാണ് പഠന ബോധന പ്രക്രിയയുടെ അത്യാവശ്യം. അതിന് ഗൃഹസന്ദർശനം കുറച്ച് കൂടി കാര്യക്ഷമമാക്കണം.
- വൈവിധ്യ പൂർണമായ പഠനവിഭവങ്ങളുടെ ലഭ്യത പൂർണ്ണതോതിൽ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. ഈ മേഖലയിൽ ഇനിയും മുന്നേറാനുണ്ട്.
- അധ്യാപകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ തങ്ങളുടെയോ പരിമിതികളിലോ പരിഹരിക്കാൻ കഴിയാത്ത അവസ്ഥ
- എല്ലാ കുട്ടികളുടെയും പഠനത്തോതിനെ ഒരുപോലെ നിലവ പഠനപ്രക്രിയ സൂക്ഷ്മമായി അവലംബിക്കുന്നതിനും എല്ലാവരിലും പഠനനേട്ടം ഉറപ്പാക്കുന്നതിനും സമയ പരിമിതി നേരിടുന്നു. അതുകൊണ്ട് ഉദ്ദേശിച്ച രീതിയിൽ എത്താൻ കഴിയുന്നില്ല.
- പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്.
- അധ്യാപകർ ലീവുള്ള ദിനം മറ്റധ്യാപകർ ക്ലാസിൽ പ്രവർത്തനങ്ങൾ നൽകുന്നു.

- കുട്ടികളിൽ ശാസ്ത്രബോധം വളർത്താൻ ശ്രമിക്കാറുണ്ട്.
- കുട്ടികളുടെ പഠനനിലവാരം കൃത്യമായി വിലയിരുത്താറുണ്ട്. കൂടാതെ യൂണിറ്റ് ടെസ്റ്റ് പ്രതിമാസ പരീക്ഷ നടത്തി ഫലവിശകലനം ചെയ്യാറുണ്ട്.
- മുഴുവൻ അധ്യാപകരും പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.
- L.S.S പ്രത്യേകം പരിശീലനം സംഘടിപ്പിക്കാറുണ്ട്.
- ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകാറുണ്ട്.

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ-ജൂലൈ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ. |
| * വായനാശേഷി വളർത്തൽ | * വായനാ കാർഡ് നിർമ്മാണം<br>* സംയുക്ത വായന<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* വായനാക്കുറിപ്പ് തയ്യാറാക്കൽ<br>* വായനാ മത്സരം | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ CPTA | പി.ടി.എ. |
| | * വായനോത്സവം. | ജനുവരി-മാർച്ച് | CPTA, MPTA HM, SRG, CPTA | പി.ടി.എ. |
| * എഴുത്ത് പരിപോഷിപ്പിക്കൽ | * സംയുക്തഡയറി (1,2 ക്ലാസ്)<br>* സർഗാത്മകഡയറി (3,4, ക്ലാസ്) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | പി.ടി.എ. |
| | * എഴുത്തുകാരുമായി സംവദിക്കൽ | ജൂലൈ | HM, SRG | |
| | * സ്വന്തം രചനയ്ക്ക് ഉന്നൽ കൊടുത്ത് പതിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, SRG | പി.ടി.എ എസ്.എം.സി |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| * ഡോക്യുമെന്ററിയിലൂടെ അറിവ് നേടൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പി.ടി.എ. |
| * കലക്കൂട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് കലാവതരണം - കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ചിത്രങ്ങൾ ചമയങ്ങൾ, വിവരണം പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA ക്ലാസ്ടീച്ചർ | പി.ടി.എ. |
| * രചനോത്സവം | * വരികൾ കൂട്ടിച്ചേർക്കൽ<br>* കഥ പൂർത്തിയാക്കൽ<br>* കവിതാരചന. | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | പ |
| * സർഗോത്സവം ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | * കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG CPTA ക്ലാസ്ടീച്ചർ | പി.ടി.എ. |

| Aim | Activities | Time | Charge | Fund |
|---|---|---|---|---|
| • Speaking English fluenty | • Speech bubbles<br>• New words are introducing through pictures and appropriate narration | From june | class Tr | |
| • Every students read atleast fifty words. | • One word in one day<br>• Picture dictionary | 1 year | Class Tr | |
| • Develop creative thought | • Teacher asks some riddles, eliciting pecularities of a riddle and gives 'riddles making as a group work | 1 time in a week | class Tr | |

Section : Academic

Subsection : English

| Aim | Activities | Time | Charge | Fund |
|---|---|---|---|---|
| • Reading with fluently | • Class library development | June - March | class Tr | |
| | • conduct the reading competition | 1 per month | | |
| • To create and develop writing and reading ability of children. | • conduct the English assembly | 1 year | Class Tr SRG | |
| | • Tell stories in our own words | | | |
| • To develop writing ability of children | • Diary writing in English | 2 time in a week | class Tr | |
| | • Write descriptions | everyday | | |
| • To create and develop confidence In English language | • Conduct the reading competition | 1 per month | class Tr | |
| | • Readers theatres | | | |

വിഷയം: പരിസരപഠനം.

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമൂല്യ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | സ്വന്തമായി പരീക്ഷണലാബ് ഒരുക്കുന്നു. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളിൽ നൽകിയിട്ടുള്ളതും അറിവ് നിർമാണ പ്രക്രിയയിലൂടെ തിരിച്ചറിഞ്ഞ പരീക്ഷണങ്ങളിലേർപ്പെടാൻ ആവശ്യമുള്ള പരീക്ഷണസാമഗ്രികൾ കുട്ടികൾക്ക് വീടുകളിലും പരിസരങ്ങളിലും ലഭ്യമായവ ശേഖരിച്ച് ക്ലാസിൽ അധ്യാപികയും വീടുകളിൽ | ജൂലൈ മുതൽ ഫെബ്രുവരി വരെ. | H.M ടീച്ചർ വിദ്യാർത്ഥി രക്ഷിതാവ് | |

കുട്ടികൾ സ്വന്തമായും പരീക്ഷണങ്ങൾ നിർമിക്കുന്നു. ഓരോ പരീക്ഷണത്തി- ലേർപ്പെടുമ്പോഴും ലഭിക്കുന്ന സാധന- ങ്ങൾ കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തുന്നു. അക്കാദമിക വർഷത്തിന്റെ അവസാനം ഗൃഹസന്ദർശനവേളയിൽ ശാസ്ത്രമൂല അധ്യാപകർ വിലയിരുത്തുന്നു.

* പരീക്ഷണലാബ് ആവശ്യമായ നിർദ്ദേശങ്ങൾ അധ്യാപിക കുട്ടികൾക്ക് നൽകുന്നു.
* സാധനസാമഗ്രികൾ ശേഖരിക്കൽ
* പരീക്ഷണങ്ങളിലേർപ്പെടൽ
* ഓരോ പരീക്ഷണത്തിനുശേഷം വേണ്ട സാധനങ്ങൾ ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തി [illegible]

| | | | | |
|---|---|---|---|---|
| ലഹരിയുപയോഗത്തിന്റെ ദൂഷ്യവശങ്ങൾ തിരിച്ചറിയുന്നു. ലഹരി ഇല്ലാതാക്കണമെന്നുള്ള മനോഭാവം കൈവരുന്നു. | * കുട്ടികൾ നിർമ്മിച്ച ലാണ് അധ്യാപിക ചേർന്ന് ഗൃഹസന്ദർശനം നടത്തി വിതരണം ചെയ്യുന്നു<br>വിദ്യാലയപരിസരങ്ങൾ (മദ്യം / മയക്കുമരുന്ന് / പുകയില) ലഹരിവിമുക്തമാക്കൽ.<br>* ലഹരിവിരുദ്ധദിനത്തിൽ വിദ്യാലയപരിസരത്തും മറ്റും ഒരു കടകളിൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ പതിപ്പിക്കുന്നു.<br>* ലഹരിക്കെതിരെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണക്ലാസ് നടത്തുന്നു.<br>* ലഹരിക്കെതിരെയുള്ള നാടകങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | S.R.G<br>P.T.A | |

ആരോഗ്യവിദ്യാഭ്യാസം

| | | |
|---|---|---|
| ശുചിത്വബോധം, ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കൽ. | * 1 മുതൽ 4 വരെ ക്ലാസിലുള്ള എല്ലാ കുട്ടികളുടെയും ശാരീര-ശുചിത്വത്തിലോ വ്യക്തിയിലോ ഉള്ള ആരോഗ്യശീലങ്ങൾ രേഖപ്പെടുത്താനുള്ള ചെക്ക്ലിസ്റ്റ് തയ്യാറാക്കുന്നു. അദ്ധ്യാപിക ക്ലാസിലെ ദിനവും ചെക്ക് ചെയ്യുന്നു രേഖപ്പെടുത്തുന്നു. മാസാവസാനം വിലയിരുത്തുന്നു. | ക്ലാസ് ടീച്ചർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ |

| | ഉണ്ട് | ഇല്ല |
|---|---|---|
| പല്ല് തേച്ചിട്ടുണ്ടോ ? | | |
| കുളിച്ചിട്ടുണ്ടോ ? | | |
| നഖം മുറിച്ചിട്ടുണ്ടോ ? | | |
| വൃത്തിയുള്ള വസ്ത്രം ധരിച്ചിട്ടുണ്ടോ | | |
| ചെരിപ്പ് ധരിച്ചിട്ടുണ്ടോ ? | | |

| | | | | |
|---|---|---|---|---|
| പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദോഷങ്ങൾ തിരിച്ചറിയൽ | പ്ലാസ്റ്റിക്കിനോട് വിട....<br>വിദ്യാലയ പരിസരം പ്ലാസ്റ്റിക്‌വിമുക്തമാക്കി ശേഖരിച്ച മാലിന്യങ്ങൾ ഉപയോഗിച്ച് ഉപയോഗ്യമായ വസ്തുക്കൾ നിർമിക്കൽ.<br>- വിദ്യാലയ പരിസരത്തുനിന്നും വീടുകളിൽ ചുറ്റുപാടുകളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു.<br>- തരംതിരിക്കുന്നു<br>- ആവശ്യമില്ലാത്ത സാധനങ്ങൾ സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ബോക്സിൽ നിക്ഷേപിക്കുന്നു.<br>- ശേഖരിച്ച വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച സാധനത്തിന്റെ മാതൃകകൾ അധ്യാപിക നിർമിച്ച് ക്ലാസ്റൂമിൽ പ്രദർശിപ്പിക്കുന്നു.<br>- കുട്ടികളും നിർമിക്കുന്നു.<br>- വർഷാവസാനം പ്രദർശനം നടത്തുന്നു. | ഒരു വർഷം മുഴുവൻ | H.M<br>ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| | - മികച്ചത് തെരഞ്ഞെടുക്കുന്നു.<br>- സമ്മാനം നൽകുന്നു. | | | |
| | കുടിവെള്ള സംരക്ഷണം | | | |
| കുടിവെള്ളത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു സംരക്ഷിക്കുന്നു. | - കുടിവെള്ളത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വീഡിയോ പ്രദർശനം നടത്തുന്നു.<br>- ബോധവൽക്കരണ നാടകങ്ങൾ സംഘടിപ്പിക്കുന്നു.<br>- കുടിവെള്ള സംരക്ഷണത്തിനായി നമുക്ക് ചെയ്യാൻ പറ്റുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു.<br>- നടപ്പിലാക്കുന്നു. | വർഷം മുഴുവൻ | H.M അധ്യാപിക, വിദ്യാർത്ഥി | |
| | നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടൽ | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | - മഴമാപിനി നിർമ്മിക്കുന്നു. ക്ലാസിലും, സ്കൂളിലും, വീട്ടിലും.<br>- ഓരോ ദിവസവും ലഭിച്ച മഴയുടെ അളവ് രേഖപ്പെടുത്തുന്നു.<br>- [illegible] | ജൂൺ ജൂലൈ മാസങ്ങൾ | അദ്ധ്യാപിക വിദ്യാർത്ഥി | |

| | | | | |
|---|---|---|---|---|
| | - ജലസംരക്ഷണ പോസ്റ്റർ നിർമാണം.<br>- കിണർസന്ദർശനം<br>- മണ്ണിലൂടെ... | | | |
| നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ | - പ്രദേശത്ത് ഉള്ള മണ്ണുകൾ ശേഖരിക്കുന്നു.<br>- പ്രദർശിപ്പിക്കുന്നു.<br>- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കുന്നു.<br>- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു.<br>പ്രകൃതി നടത്തം | ആഗസ്റ്റ് മാസത്തിൽ | H.M<br>അദ്ധ്യാപിക<br>വിദ്യാർത്ഥി | |
| | - പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രപ്പതിപ്പുകൾ സംഘടിപ്പിക്കുന്നു.<br>ശാസ്ത്രവിസ്മയച്ചുമർ | ആഗസ്റ്റ് മാസം | H.M<br>അദ്ധ്യാപിക | |
| ശാസ്ത്രപഠനം രസകരമാക്കൽ | - പത്രങ്ങളും മാസികകളും ശേഖരിച്ച് വായിച്ച് ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ക്ലാസിലെ ശാസ്ത്രവിസ്മയച്ചുമരിൽ ഒട്ടിക്കുന്നു. | | | |

മേഖല : അക്കാദമികം.

ഉപമേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സംഖ്യാബോധം വളർത്തൽ | * ഗണിതക്കളികൾ<br>* മഞ്ചാടി സംവിധാനം ഒരുക്കൽ (ക്ലാസ് 1).<br>* കുഞ്ഞുപുസ്തകം തയ്യാറാക്കൽ<br>* ഗണിത മൂല ഒരുക്കൽ - പഠനത്തിൽ ഉപയോഗപ്പെടുത്തൽ.<br>* ഗണിതപ്പസിലുകൾ, കുസൃതിചോദ്യങ്ങൾ എന്നിവ അസംബ്ലിയിൽ ഒരു മിനിറ്റ് നൽകൽ. | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |

| ಗುರಿಗಳು | ಚಟುವಟಿಕೆಗಳು | ಕಾಲಾವಧಿ | ಜವಾಬ್ದಾರಿ | ಷರಾ |
| --- | --- | --- | --- | --- |
| ಭಾವನಾತ್ಮಕ ಬರವಣಿಗೆಯಲ್ಲಿ ತೊಡಗಿಸಿಕೊಳ್ಳುವುದು | ಸಂಯುಕ್ತ ಡೈರಿ - ಮಕ್ಕಳು ಶಿಕ್ಷಕರು ಡೈರಿ ಬರವಣಿಗೆಯಲ್ಲಿ ತೊಡಗುವುದು. * ಮಗು ಸ್ವತಃ ತನ್ನ ಅನುಭವಗಳನ್ನು, ಕಲಿಕೆಯನ್ನು ಚಿತ್ರದ ಮೂಲಕವು ಮತ್ತು ಬರವಣಿಗೆಯ ಮೂಲಕವು ಶಿಕ್ಷಕರ ಸಹಾಯದೊಂದಿಗೆ ಸಂಯುಕ್ತ ಡೈರಿ ಬರವಣಿಗೆ. | ಜುಲೈ ಯಿಂದ | ತರಗತಿ ಅಧ್ಯಾಪಕ ಶಿಕ್ಷಕರು ಮಕ್ಕಳು [ತರಗತಿ 1 ಮತ್ತು 2] | |
| ಮಕ್ಕಳು ಸೃಜನಾತ್ಮಕ ಬರವಣಿಗೆಗೆ ಪ್ರೋತ್ಸಾಹ ನೀಡುವುದು | ಸೃಜನಾತ್ಮಕ ಡೈರಿ - ಮಕ್ಕಳು ತಮ್ಮ ಭಾವನೆಗೆ ಅನುಸಾರವಾಗಿ ಚಿತ್ರ ಹಾಗೂ ಬರವಣಿಗೆಯ ಮೂಲಕ ತಮ್ಮ ದಿನನಿತ್ಯ ಜೀವನದ ಅನುಭವಗಳನ್ನು ವ್ಯಕ್ತಪಡಿಸುವುದು | ಜೂನ್ ನಿಂದ | ಮಕ್ಕಳು ಶಿಕ್ಷಕರು [3 ಮತ್ತು 4 ತರಗತಿ] | |
| ಮಕ್ಕಳ ಸ್ವರಚನೆ | ರಚನೋತ್ಸವ - ಮಕ್ಕಳ ಸ್ವರಚನೆಗಳಾದ ಕವಿತೆ, ಕಥೆ, ಚಿತ್ರ ವಿವರಣೆ, ಒಗಟುಗಳು ಇತ್ಯಾದಿಗಳನ್ನು ಶಾಲಾ ಅಸೆಂಬ್ಲಿ, ಬಾಲಸಭೆ ಹಾಗೂ ಶಿಕ್ಷಕ-ರಕ್ಷಕ ಸಭೆಯಲ್ಲಿ ಪ್ರದರ್ಶನ ಆಸ್ವಾದನಾ ಟಿಪ್ಪಣಿ - 3 ಮತ್ತು 4 ನೇ ತರಗತಿಯ ಮಕ್ಕಳು ಅವರು ಓದಿದ ಕವಿತೆ, ಕಥೆ ಇತ್ಯಾದಿಗಳ ಸ್ವ ಟಿಪ್ಪಣಿ ರಚನೆ | ಆಗಸ್ಟ್ | ಮಕ್ಕಳು [1 ರಿಂದ 4 ತರಗತಿ] | |

| ಗುರಿಗಳು | ಚಟುವಟಿಕೆಗಳು | ಕಾಲಾವಧಿ | ಫಲಾನುಭವಿ | ಷರಾ |
| --- | --- | --- | --- | --- |
| ಮಕ್ಕಳಲ್ಲಿ ಓದುವ ಅಭ್ಯಾಸವನ್ನು ಬೆಳೆಸುವುದು | ಓದುವ ಮೂಲೆ - ತರಗತಿಯ ಕೋಣೆಯಲ್ಲಿ ಮಕ್ಕಳಿಗೆ ಅನುಗುಣವಾಗುವ ಕಥೆ, ಕವಿತೆ, ಮತ್ತು ಚಿತ್ರಕಥೆಗಳ ಪುಸ್ತಕಗಳಿಂದ ಪುಸ್ತಕಗಳನ್ನು ಸಜ್ಜೀಕರಿಸುವುದು.<br>ಶಾಲಾ ಪತ್ರ - ಪ್ರತಿ ಅಸೆಂಬ್ಲಿಯಲ್ಲಿ ದಿನಪತ್ರಿಕೆಯನ್ನು 3 ಮತ್ತು 4ನೇ ತರಗತಿಯ ಮಕ್ಕಳು ದಿನದ ಬಗ್ಗೆ ಮುಖ್ಯ ವಾರ್ತೆಗಳನ್ನು ಮತ್ತು ಸಣ್ಣ ಮಕ್ಕಳಿಂದ ಓದಿಸುವುದು.<br>ವಾಚನೋತ್ಸವ - ರಕ್ಷಕ-ಶಿಕ್ಷಕ ಸಭೆ, ಬಾಲಸಭೆ ಮತ್ತು ಶಾಲಾ ಅಸೆಂಬ್ಲಿ, ಮುಕ್ತ ಇತ್ಯಾದಿಗಳಲ್ಲಿ ಮಕ್ಕಳ ಓದುಗಾರಿಕೆಯನ್ನು ಪ್ರಕಟಪಡಿಸುವುದು.<br>ಕಾವ್ಯೋತ್ಸವ - ರಕ್ಷಕ-ಶಿಕ್ಷಕ ಸಭೆ, ಬಾಲಸಭೆ ಮತ್ತು ಶಾಲಾ ಅಸೆಂಬ್ಲಿ ಇತ್ಯಾದಿಗಳಲ್ಲಿ ಮಕ್ಕಳ ಕಥೆ ಪದ್ಯ ಮತ್ತು ಅಭಿನಯಗೀತೆಗಳ ಪ್ರದರ್ಶನ | ಜೂನ್ ಆಗಸ್ಟ್- ಮಾರ್ಚ್ | ತರಗತಿ ಆಧಾರಿತ ಮಕ್ಕಳು [1 ರಿಂದ 4 ತರಗತಿ] | |

| | | | | |
|---|---|---|---|---|
| ಸುಲಭವಾಗಿ ಗಣಿತಾಶಯವನ್ನು ಗ್ರಹಿಸುವುದು ಮತ್ತು ಗಣಿತದಲ್ಲಿ ಆಸಕ್ತಿ ಮೂಡಿಸುವುದು. | ಉಲ್ಲಾಸ ಗಣಿತ - ಗಣಿತದ ಆಟಗಳ ಮೂಲಕ ಮಗುವಿಗೆ ಮೋಜಿನ ವಸ್ತುಗಳನ್ನು ಉಪಯೋಗಿಸಿ ಕಲಿಸುವ ಸಂಖ್ಯಾಜ್ಞಾನ ಮತ್ತು ಸಂಕಲನ, ವ್ಯವಕಲನ ಕ್ರಿಯೆಗಳನ್ನು ಮಕ್ಕಳು ಆಸಕ್ತಿಯಿಂದ ಕಲಿತುಕೊಳ್ಳುವುದು.<br>* ಪ್ರಾಯೋಗಿಕ ಸಮಸ್ಯೆಗಳನ್ನು ಯುಕ್ತಿ ಪೂರ್ವಕ ಪರಿಹರಿಸಿಕೊಳ್ಳುವುದು.<br>ಗಣಿತ ಚೀಲ - ಪ್ರತಿಯೊಂದು ಮಗುವಿಗೂ ಗಣಿತಾಶಯವನ್ನು ಸುಲಭಗೊಳಿಸಲು ಮತ್ತು ಮನದಟ್ಟು ಮಾಡಲು ಮಣಿಕಟ್ಟಿ, ಮಡಲುಕಡ್ಡಿ, ಬೆಂಕಿಕಡ್ಡಿ, ಮುತ್ತುಗಳು, ಬೀಜ, ಮತ್ತು ಮಣಿಗಳು ಇತ್ಯಾದಿಗಳ ಸಂಗ್ರಹ. | ಜುಲೈ ಮಾಹೆ | ತರಗತಿ ಅಧ್ಯಾಪಕಿ ಮಕ್ಕಳು (1ರಿಂದ 4 ತರಗತಿ) | |
| ಕ್ರಮವಾದ ಬರವಣಿಗೆಯಲ್ಲಿ ಮಗುವನ್ನು ತೊಡಗಿಸಿಕೊಳ್ಳುವುದು. | ಬಿಂಬಲ ಪುಸ್ತಕ - ಬರವಣಿಗೆಯಲ್ಲಿ ಹಿಂದುಳಿದ ಮಕ್ಕಳಿಗಾಗಿ ಬರವಣಿಗೆಯ ಅಭ್ಯಾಸಕ್ಕಾಗಿ ಬಿಂಬಲ ಪುಸ್ತಕಗಳನ್ನು ಉಪಯೋಗಿಸುವುದು. | ಜೂನ್ | ತರಗತಿ ಅಧ್ಯಾಪಕಿ ಮಕ್ಕಳು [1 ಮತ್ತು 2] | |